# CAREER Updates

# പത്രവൃത്താന്തം

**13.07.2024 (ശനി)**




- ⇨ പ്രമുഖ ഗവേഷണ സ്ഥാപനമായ സാവിൽസ് നടത്തിയ വാർഷിക സർവേ പ്രകാരം ലോകത്ത് ഏറ്റവും വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്ന നഗരം
- ✔ ബംഗലുരു
- 15 നഗരങ്ങളുടെ പട്ടികയിൽ ഇന്ത്യയിൽ നിന്നും ഡൽഹി, ഹൈദരാബാദ്, മുംബൈ, കൊൽക്കത്ത എന്നീ നഗരങ്ങളും ആദ്യ പത്ത് സ്ഥാനങ്ങളിൽ ഉൾപ്പെടുന്നു. വിയറ്റ്നാമിലെ ഹോചിമിൻ സിറ്റി ആണ് പട്ടികയിൽ രണ്ടാം സ്ഥാനത്ത്. സൗദി അറേബ്യയിലെ റിയാദ് മാത്രമാണ് ഏഷ്യയ്ക്ക് പുറത്തുനിന്നും പട്ടികയിൽ ഉൾപ്പെട്ടത്.
- സർവേ റിപ്പോർട്ട് പ്രകാരം ഇന്ത്യ, ചൈന, വിയറ്റ്നാം എന്നീ രാജ്യങ്ങളിൽ നിന്നുമുള്ള നഗരങ്ങളാണ് വളർച്ചയിൽ മുന്നിലുള്ളത്.

---

- ⇨ 2024 ജൂലൈയിൽ കേന്ദ്ര സർക്കാർ ഇനി മുതൽ എല്ലാ വർഷവും ഭരണഘടനാ ഹത്യാദിനമായി ആചരിക്കുമെന്ന് പ്രഖ്യാപിച്ചത്
- ✔ ജൂൺ 25
- ⇨ 2024-ൽ ഇന്ത്യ ഏകദിന ക്രിക്കറ്റിൽ അരങ്ങേറിയതിന്റെ എത്രാം വാർഷികമാണ് ആചരിക്കപ്പെട്ടത്?
- ✔ 50
- 1974-ലെ ഇംഗ്ലണ്ട് പര്യടനത്തോടെയാണ് ഇന്ത്യ ഏകദിന ക്രിക്കറ്റിൽ അരങ്ങേറിയത്. 3 ടെസ്റ്റുകളും 2 ഏകദിനങ്ങളുമാണ് പരമ്പരയിലുൾപ്പെട്ടിരുന്നത്. എന്നാൽ ഇന്ത്യ ആദ്യമായി ഒരു ഏകദിന മത്സരം ജയിച്ചത് 1975-ലെ ലോകകപ്പിലാണ്.
- ⇨ ടെസ്റ്റ് ക്രിക്കറ്റിൽ 40000 പന്തുകളെറിയുന്ന ആദ്യ പേസ് ബൗളർ എന്ന റെക്കോഡ് നേടിയത്
- ✔ ജെയിംസ് ആൻഡേഴ്സൺ (ഇംഗ്ലണ്ട്)
- തന്റെ കരിയറിലെ അവസാന ടെസ്റ്റ് മത്സരത്തിലാണ് ജെയിംസ് ആൻഡേഴ്സൺ ഈ നേട്ടം കൈവരിച്ചത്.
- ⇨ രാജ്യാന്തര ക്രിക്കറ്റ് കൗൺസിൽ 2024 ജൂൺ മാസത്തിലെ ഏറ്റവും മികച്ച പുരുഷതാരമായി തിരഞ്ഞെടുത്തത്
- ✔ ജസ്പ്രീത് ബുംറ
- രാജ്യാന്തര ക്രിക്കറ്റ് കൗൺസിൽ 2024 ജൂൺ മാസത്തിലെ ഏറ്റവും മികച്ച വനിതാതാരമായി തിരഞ്ഞെടുത്തത് സ്മൃതി മന്ഥാനയെ ആണ്.
- ⇨ ഇന്ത്യൻ മഹാസമുദ്രത്തിലെ നാവിക സുരക്ഷയ്ക്കായി രൂപീകൃതമായ കൊളംബോ സെക്യൂരിറ്റി കോൺക്ലേവിൽ 2024 ജൂലൈയിൽ അംഗമായ രാജ്യം
- ✔ ബംഗ്ലാദേശ്
- ഇന്ത്യ, ശ്രീലങ്ക, മാലിദ്വീപ് എന്നീ രാജ്യങ്ങൾ ചേർന്ന് 2020-ൽ രൂപീകരിച്ച സംഘടനയാണ് കൊളംബോ സെക്യൂരിറ്റി കോൺക്ലേവ്. 2022-ൽ മൗറീഷ്യസും ഇതിന്റെ ഭാഗമായി. സംഘടനയിലെ അഞ്ചാമത്തെ അംഗരാജ്യമാണ് ബംഗ്ലാദേശ്.
- ⇨ 2024 ജൂലൈയിൽ പുറത്തിറങ്ങിയ 'ബഷീറിന്റെ പൂങ്കാവനം' എന്ന കൃതി രചിച്ചത്
- ✔ എം.എൻ. കാരശ്ശേരി

CAREER GUIDANCE BUREAU


**കരിയർ ഗൈഡൻസ് ബ്യൂറോ**

ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999